(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങിയതിൽ നടന്ന അഴിമതികളെയും ക്രമക്കേടുകളെയും കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അഴിമതിയും ക്രമക്കേടുകളും അന്വേഷിക്കുന്നതിന് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജുഡീഷ്യൽ അന്വേഷണം സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ഉണ്ട്.

(ബി) ഉണ്ട്. 1952-ലെ എൻക്വയറി കമ്മീഷൻ ആക്ടിന്റെ (സെൻട്രൽ ആക്ട്-1952-ലെ 60) സെക്ഷൻ 3 പ്രകാരം കേരള സർക്കാർ ശ്രീ. ഇ. കെ. മുരളീധരനെ (റിട്ടയേർഡ് ജഡ്ജി) അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് 17-5-2005-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ കുറ്റക്കാരെന്ന് തെളിഞ്ഞ രണ്ട് അഡീഷണൽ ജനറൽ മാനേജർമാരെയും രണ്ട് ക്വാളിറ്റി കൺട്രോളർമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്.

തരിശു നിലങ്ങൾ കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതി

*i2 [58] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങൾ കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ അധീനതയിലുള്ള തരിശുനിലങ്ങൾ പാട്ടത്തിന് കൃഷിക്കായി തൊഴിൽരഹിത യുവാക്കൾക്ക് നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്. സുസ്ഥിര നെൽകൃഷി വികസന പദ്ധതിയുടെ ഒരു ഘടകമായി 10,000 ഹെക്ടർ നിലം തൊഴിലില്ലാത്ത യുവജനങ്ങൾക്ക് തൊഴിൽ നൽകിക്കൊണ്ട് നെൽകൃഷി പ്രദേശമാക്കി മാറ്റി കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു ഹെക്ടർ പ്രദേശത്ത് നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 5000 രൂപവച്ച് പരമാവധി 10000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നതാണ്. "ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി"യിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

(ബി) തരിശുനിലങ്ങൾ കൃഷി ചെയ്യുന്ന യുവജനങ്ങൾക്ക് നൽകുന്ന എല്ലാ സഹായവും സർക്കാരിന്റെ അധീനതയിലുള്ള തരിശുനിലങ്ങൾ കൃഷി ചെയ്യാൻ തയ്യാറാക്കുന്ന തൊഴിൽരഹിതരായ യുവജനങ്ങൾക്ക് നൽകാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി നൽകിയ സഹകരണ സംഘങ്ങൾ

*13 [60] *ശ്രീ. എം. മുരളി:*
,, കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച് അരിയാക്കി സഹകരണ സംഘങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ;

(ബി) എന്ത് വിലയ്ക്കാണ് ആ സംഘങ്ങൾ അരി തന്നത്;

(സി) ഇപ്രകാരം അരി തന്ന സംഘങ്ങൾക്ക് അരിയുടെ വിലയല്ലാതെ മറ്റെന്തെങ്കിലും തുക നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) നെല്ല് സംഭരിച്ച് അരിയാക്കി സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടില്ല. 30-5-2005-ന് വിളിച്ചുചേർത്ത സംഭരണ ഏജൻസികളുടെ യോഗത്തിൽ ഇങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ചെങ്കിലും ഏജൻസികൾ വിയോജിക്കുകയാണുണ്ടായത്. പകരമായി സഹകരണ സംഘങ്ങൾ നെല്ലാണ് നൽകുന്നത്.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly